രാജപുരം	3
നീലേശ്വരം	24
ചോയങ്കോട്	3
ഭീമനടി	17
പീലിക്കോട്	2
പടന്ന	4
പടന്നക്കാട്	4

(സി) ഉണ്ട്. കാസർഗോഡ് സർക്കിളിനു കീഴിലുള്ള സെക്ഷൻ ഓഫീസുകളിൽ 8 മീറ്റർ, 9 മീറ്റർ പി.എസ്.സി. പോസ്റ്റുകൾ നൽകുന്നതിനുള്ള പുതിയ കരാർ മംഗലാപുരത്തുള്ള ജ്യോതി കൺസ്ട്രക്ഷൻ കമ്പനിക്ക് നൽകിയിട്ടുണ്ട്. പുതിയ കരാർ പ്രകാരം 2015 നവംബർ അവസാനം മുതൽ കാസർഗോഡ് സർക്കിളിനു പ്രതിമാസം 850 എണ്ണം 8 മീറ്റർ പോസ്റ്റുകളും 200 എണ്ണം 9 മീറ്റർ പോസ്റ്റുകളും നൽകേണ്ടതാണ്. കരാർ പ്രകാരമുള്ള പോസ്റ്റുകൾ ലഭിച്ചു തുടങ്ങിയിട്ടുണ്ട്.

വൈദ്യുതി സംരക്ഷണ ബോധവൽക്കരണ പരിപാടികൾ

68 (435) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി സംരക്ഷണത്തിന് ഏതൊക്കെ ബോധവൽക്കരണ പരിപാടികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതികൾ വഴി ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണ് വിശദമാക്കുമോ ?

ഉത്തരം

(എ) വൈദ്യുതി സംരക്ഷണത്തിന് എനർജി മാനേജ്മെന്റ് സെന്റർ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു :

- ഗാർഹിക ഊർജ്ജ ഉപഭോക്താക്കൾക്ക് ഊർജ്ജസംരക്ഷണ ബോധവത്ക്കരണം നൽകുന്നതിന് സ്ത്രീകളായ എനർജി ക്ലിനിക്ക് വോളണ്ടിയർമാർ വീടുകൾതോറും ഊർജ്ജസംരക്ഷണ ക്ലാസ്സുകൾ നൽകുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

- വിദ്യാർത്ഥികളിൽ ഊർജ്ജസംരക്ഷണ ബോധവൽക്കരണം നടത്തുന്നതിന് സ്മാർട്ട് എനർജി പ്രോഗ്രാം (SEP) എന്ന പേരിൽ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ വിദ്യാർത്ഥികൾക്കായി എനർജി കോൺഗ്രസ്സ് നടത്തിവരുന്നു.

- പൊതുജനങ്ങളിൽ ഊർജ്ജസംരക്ഷണ അവബോധം വളർത്തുന്നതിലേയ്ക്കായി എല്ലാ നിയോജകമണ്ഡലങ്ങളിലും കുറഞ്ഞത് ഒരു ബോധ വൽക്കരണ പരിപാടി എന്ന നിലയ്ക്ക് 193 പരിപാടി കേരളമൊട്ടാകെ നടത്തിവരുന്നു. ഈ പരിപാടി കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട എൻ.ജി.ഒ.കൾ (152 എണ്ണം) വഴിയാണ് നടത്തുന്നത്. ഈ പരിപാടിയുടെ പേര് 'ഊർജ്ജകിരൺ ' എന്നാണ്.

- കൂടുതൽ ബോധവൽക്കരണം നടത്തുന്നതിലേക്കായി വിവിധ എക്സിബിഷനുകൾ നടത്തുന്നു.

- കേരളത്തിലെ എഞ്ചിനീയറിംഗ് പോളിടെക്നിക്ക്, ഐ.റ്റി.ഐ. മുതലായ സ്ഥാപനങ്ങളിൽ ഊർജ്ജസംരക്ഷണ എക്സിബിഷനുകൾ, മത്സരങ്ങൾ, പരിശീലന പരിപാടികൾ നടത്തുകയുണ്ടായി.

- കേരളത്തിൽ ആകാശവാണി നിലയങ്ങളിലൂടെ "ഹലോ ആകാശവാണി" എന്ന പരിപാടിയിലൂടെ പൊതുജനങ്ങളുടെ ഊർജ്ജസംരക്ഷണ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകിയിട്ടുണ്ട്.

- ഹോം എനർജി ഓഡിറ്റിങ്ങ് എന്ന പേരിൽ വീടുകളിലെ ഊർജ്ജ ഉപഭോഗം മനസ്സിലാക്കുന്നതിലേക്കായി ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചു.

- ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട സംശയങ്ങൾ ദൂരീകരിക്കുന്നതിന്റെ ഭാഗമായി ഇ.എം.സി.-യിൽ എനർജി ഇൻഫർമേഷൻ ബ്യൂറോ പ്രവർത്തനം ആരംഭിച്ചു.

- സംസ്ഥാനത്തെ വായനശാലകൾ വഴിയുള്ള ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി വായനശാലകളിൽ ഊർജ്ജ സംരക്ഷണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.

- സംസ്ഥാനത്തെ ലൈസൻസുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടർമാർക്കും വയർമാന്മാർക്കും വേണ്ടി ജില്ലാതലത്തിൽ ഊർജ്ജസംരക്ഷണ ശില്പശാലകൾ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

- കേരളത്തിൽ എല്ലാ HT/EHT ഉപഭോക്താക്കൾക്കും എനർജി ഓഡിറ്റിങ്ങ് നിർബന്ധമാക്കിയിട്ടുണ്ട്. ഇതിലേക്കായി 30 ഊർജ്ജ ഓഡിറ്റിങ്ങ് സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്.
- കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർക്കും എനർജി മാനേജർമാർക്കും വേണ്ടി എനർജി ഓഡിറ്റിങ്ങ് സംബന്ധിച്ച് ശില്പശാലകൾ നടത്തിവരുന്നു.

ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി കെ.എസ്.ഇ.ബി.-യിൽ "എനർജി സേവിംഗ്സ് കോ-ഓർഡിനേഷൻ ടീം" (എസ്കോട്ട്) എന്ന വിഭാഗം രൂപീകരിച്ചിട്ടുണ്ട്. വിവിധ മേഖലയിലെ വൈദ്യുത ഉപഭോക്താക്കളെ ഊർജ്ജ സംരക്ഷണത്തെക്കുറിച്ച് ബോധവാൻമാരാക്കുക, അതിനുള്ള സാങ്കേതിക സഹായം നൽകുക തുടങ്ങിയ പ്രവർത്തനങ്ങളാണ് എസ്കോട്ട് ചെയ്തുവരുന്നത്.

ഡിമാന്റ് സൈഡ് മാനേജ്മെന്റ് സെല്ലുകൾ :

കെ.എസ്.ഇ.ബി.എൽ. ഇലക്ട്രിക്കൽ സബ്ഡിവിഷൻ ഓഫീസുകൾ കേന്ദ്രീകരിച്ച് ഉപഭോക്താക്കൾക്കിടയിൽ ബോധവൽക്കരണം നടത്തിവരുന്നു.

വൈദ്യുതി സ്വയംപര്യാപ്തത :

മലപ്പുറം ജില്ലയിലെ എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കിടയിലും ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾ നാഷണൽ സർവ്വീസ് സ്കീമുമായി സഹകരിച്ച് നടത്തിവരുന്നു.

കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, കാർഷിക വ്യാവസായിക സ്ഥാപനങ്ങളിലും, സർക്കാർ സ്ഥാപനങ്ങളിലും, റസിഡൻഷ്യൽ അസോസിയേഷൻ മുഖേനയും ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്ന വിവിധ പ്രചാരണ പ്രവർത്തനങ്ങൾ പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ നടപ്പിലാക്കി വരുന്നു. മലയാള മനോരമയുമായി സഹകരിച്ച്, ഊർജ്ജ സംരക്ഷണ സന്ദേശം പ്രചരിപ്പിക്കാൻ ഉതകുന്നതും ഇതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതുമായ ഊർജ്ജസംരക്ഷണ നുറുങ്ങുകൾ, മീറ്റർ റീഡിംഗ് എടുക്കേണ്ടതെങ്ങനെ തുടങ്ങിയ കാര്യങ്ങൾ ഉൾക്കൊള്ളിച്ച "ഊർജ്ജച്ചെപ്പ് "എന്ന കൈപ്പുസ്തകത്തിന്റെ 22 ലക്ഷം കോപ്പികൾ ദിനപത്രത്തോടൊപ്പം വിതരണം ചെയ്തു. കേരളത്തിലുടനീളമുള്ള തെരഞ്ഞെടുക്കപ്പെട്ട തിയേറ്ററുകളിലും ദൃശ്യമാധ്യമങ്ങളിലും ആകാശവാണിയിലും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എഫ്.എം. ചാനലുകളിലും പ്രമുഖ സിനിമാ താരങ്ങളെ ഉൾപ്പെടുത്തി ഊർജ്ജ സംരക്ഷണ പരസ്യങ്ങൾ പ്രക്ഷേപണം ചെയ്യ. വൈദ്യുതി സംരക്ഷണത്തെ കുറിച്ചുള്ള ബോധവൽക്കരണം ഊർജ്ജിതപ്പെടുത്തുന്നതിനായി ദൂരദർശനിൽ 'സ്പന്ദനം' എന്ന പേരിൽ ഒരു പ്രതിവാര പരിപാടി കെ.എസ്.ഇ.ബി.എൽ. സംപ്രേക്ഷണം ചെയ്യ വരുന്നു. ഇതിനുപുറമെ സോഷ്യൽ മീഡിയയിലൂടെ (facebook) ഊർജ്ജ സംരക്ഷണത്തിന് വേണ്ടത്ര പ്രചാരം നൽകിവരുന്നുണ്ട്. കേരളത്തിലെ പ്രധാന പ്രദർശന നഗരികളിൽ വൈദ്യുതി സംരക്ഷണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന തരത്തിലുള്ള പ്രദർശന വസ്തുക്കൾ ഒരുക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും പോസ്റ്ററുകൾ പ്രദർശിപ്പിക്കുകയും ചെയ്യാറുണ്ട്. കൂടാതെ വൈദ്യുതി ബോർഡ് ലിമിറ്റഡ് പത്രങ്ങളിൽക്കൂടി നൽകുന്ന എല്ലാ ടെണ്ടർ പരസ്യങ്ങൾക്കും മറ്റ് സ്റ്റാറ്റ്യൂട്ടറി നോട്ടീസുകൾക്കും താഴെ വൈദ്യുതി സംരക്ഷണ സന്ദേശങ്ങൾ ഉൾപ്പെടുത്താറുണ്ട്.

ഇതിനുപുറമെ, പൊതുജനങ്ങളുടെ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി തുടക്കം കുറിച്ച ലാഭപ്രഭ എന്ന ബൃഹത്തായ പ്രചാരണ പരിപാടി 2013-ലും 2014-ലും നടപ്പിലാക്കി. വേനൽക്കാലത്ത് വൈദ്യുതി ഉപയോഗം പരമാവധി കുറച്ച് ലോഡ് ഷെഡിംഗ്, പവർകട്ട് തുടങ്ങിയ നിയന്ത്രണങ്ങൾ ഒഴിവാക്കാൻ വേണ്ടി ഊർജ്ജസംരക്ഷണം ഒരു ദിനചര്യയാക്കാൻ ഉപഭോക്താക്കളെ നിരന്തരം ഓർമ്മിപ്പിക്കുകയും പ്രേരിപ്പിക്കുകയും സജ്ജമാക്കുകയും ചെയ്യുന്നതിനു വേണ്ടിയുള്ള ബൃഹത്തായ ഊർജ്ജ ഉപയോഗ സാക്ഷരതാ പ്രചാരണ പരിപാടി കൂടിയായിരുന്നു ലാഭപ്രഭ. ലാഭപ്രഭ പദ്ധതിയോടൊപ്പം 2013 മാർച്ച് 23-ന് 'നോ ലോഡ് ഷെഡിംഗ് കാമ്പയിൻ' എന്ന പദ്ധതിയും നടപ്പിലാക്കി. ഈ പദ്ധതിയിലൂടെ ഉപഭോക്താക്കളുമായി സഹകരിച്ച് ഊർജ്ജസംരക്ഷണത്തിലൂടെ വൈദ്യുതി ലാഭിക്കുകയും പത്ത് ശതമാനത്തിലധികം വൈദ്യുതി ലാഭിച്ച ഫീഡറുകൾ കേന്ദ്രീകരിച്ച് ലോഡ് ഷെഡിംഗ് ഒഴിവാക്കുകയും ചെയ്യ.

ലാഭപ്രഭ 2014 പദ്ധതിയുടെ സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിനുവേണ്ടി ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളെ പരമാവധി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ ലാഭപ്രഭ പദ്ധതിയിൽ സമ്മാനാർഹരായവരെ ഊർജ്ജ സംരക്ഷണ അംബാസഡർമാരായി പരിഗണിച്ച് സ്കൂളുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, എൻ.എസ്.എസ്., എൻ.സി.സി., പഞ്ചായത്തുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തി പ്രചാരണ പ്രവർത്തനങ്ങൾ നടത്തി പരമാവധി സ്കൂളുകളെ ഈ പദ്ധതിയിൽ പങ്കെടുപ്പിക്കാനും വിദ്യാർത്ഥികളുടെ സഹകരണം ഉറപ്പാക്കാനും ഈ പദ്ധതി വിജയിപ്പിക്കാനും സി.എഫ്.എൽ. ലാമ്പുകൾ, സൗരോർജ്ജ റാന്തലുകൾ, സൗരോർജ്ജാധിഷ്ഠിത ഇൻവർട്ടറുകൾ, ഗ്രിഡുമായി ബന്ധിപ്പിക്കാവുന്ന സൗരോർജ്ജ പ്രോജക്ട് തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമ്മാന പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഇ.എം.സി. മുഖേന നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി 2013-14 കാലയളവിൽ ഏകദേശം 85 മില്ല്യൻ യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തനങ്ങളുടെ ഫലമായി വ്യാവസായിക മേഖലയിൽ ഐസ് പ്ലാന്റുകളിൽ ഐസ് ബ്ലോക്ക് ഉണ്ടാക്കുന്നതിനുള്ള വൈദ്യുതിയുടെ ചെലവ് (ഉദ്ദേശം 50 ശതമാനം) കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. കാർഷിക മേഖലയിൽ പുതുതായി സ്ഥാപിക്കുന്ന പമ്പിംഗ് സംവിധാനങ്ങളിലൂടെ വൻതോതിൽ ഊർജ്ജം സംരക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. സർക്കാർ ആശുപത്രികളിൽ ഊർജ്ജ ക്ഷമത കൂടിയ ലൈറ്റുകളും ഫാനുകളും സ്ഥാപിക്കുന്നതുവഴി ഊർജ്ജ സംരക്ഷണം നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. വിതരണ നഷ്ടം കുറയ്ക്കുന്നതിന് ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പാക്കുന്നതിനുള്ള പഠനം നടന്നുവരികയാണ്.

പുതുതായി വൈദ്യുതി കണക്ഷൻ

69 (436) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി വൈദ്യുതി കണക്ഷൻ എടുക്കുന്നവരിൽ നിന്നും മീറ്ററിന് സെക്യൂരിറ്റി തുകയും സർവ്വീസ് ചാർജ്ജും ഈടാക്കുവാൻ KSEB ഉത്തരവ് ഇറക്കിയിട്ടുണ്ടോ ;

(ബി) ഉപഭോക്താക്കളിൽ നിന്നും എത്ര തുക വീതമാണ് KSEB പിരിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത് ;

(സി) നിലവിലുള്ള പ്രസ്തുത ഉത്തരവ് അനുസരിച്ച് കേരളത്തിൽ എവിടെയെങ്കിലും സർവ്വീസ് ചാർജ്ജും സെക്യൂരിറ്റി തുകയും പിരിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പുതുതായി വൈദ്യുതി കണക്ഷൻ എടുക്കുന്നവരിൽനിന്നും മീറ്ററിന് സെക്യൂരിറ്റി തുകയും പ്രോസസിംഗ് ഫീസും ഈടാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്

(ബി) തുക സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) സെക്യൂരിറ്റി തുകയും പ്രോസസിംഗ് ഫീസും പിരിക്കുന്ന നടപടി ഇനിയൊരുത്തരവ് ഉണ്ടാകുന്നതുവരെ മരവിപ്പിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly